**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1821** **11-10-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി ബസുകളിലെ സീറ്റ് ക്രമീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | ട്രാൻസ്പോർട്ട് വാഹനങ്ങളിൽ മുതിർന്ന പൗരന്മാർക്കും , അംഗപരിമിതർക്കും പിൻസീറ്റിലുള്ള യാത്ര വളരെ ദുഷ്കരമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | മുതിർന്ന പൗരന്മാർക്കും അംഗപരിമിതർക്കും ട്രാൻസ്പോർട്ട് വാഹനങ്ങളിൽ ഏറ്റവും സൗകര്യപ്രദമായും തിരക്ക് കൂടാതെയും സീറ്റുകൾ ലഭ്യമാക്കുന്നതിനായി വാതിലുകൾക്ക് സമീപമുള്ള സീറ്റുകളാണ് (പിൻവശത്തെ ടയറിനു മുകളിൽ വരുന്നത് ഒഴികെയുള്ളത്) സംവരണം ചെയ്തിരിക്കുന്നത്.<br><br>അംഗപരിമിതരോ മുതിർന്ന പൗരൻമാരോ ആയ വനിതകളായ യാത്രികർക്കായി ബസ്സിന്റെ മുൻഭാഗത്തെ വലത് വശത്തെയും, പുരുഷന്മാരായ യാത്രികർക്കായി ബസ്സിന്റെ പിൻഭാഗത്തെ, വാതിലിൽ നിന്നും മുന്നിലേയ്ക്കുള്ള, രണ്ട് നിരകളിലുമായാണ് സീറ്റുകൾ ക്രമീകരിച്ചിരിക്കുന്നത്. സീറ്റുകൾ പുനഃക്രമീകരിക്കേണ്ട സാഹചര്യം നിലവിലില്ല. |
| (ബി) | ട്രാൻസ്പോർട്ട് വാഹനങ്ങളിൽ അംഗ പരിമിതർക്കും, മുതിർന്ന പൗരൻമാർക്കും പിന്നിൽ നൽകിവരുന്ന യാത്രാ സീറ്റുകൾ മുൻനിരയിലേക്ക് മാറ്റുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | മുതിർന്ന പൗരന്മാർക്കും അംഗപരിമിതർക്കും ട്രാൻസ്പോർട്ട് വാഹനങ്ങളിൽ ഏറ്റവും സൗകര്യപ്രദമായും തിരക്ക് കൂടാതെയും സീറ്റുകൾ ലഭ്യമാക്കുന്നതിനായി വാതിലുകൾക്ക് സമീപമുള്ള സീറ്റുകളാണ് (പിൻവശത്തെ ടയറിനു മുകളിൽ വരുന്നത് ഒഴികെയുള്ളത്) സംവരണം ചെയ്തിരിക്കുന്നത്.<br><br>അംഗപരിമിതരോ മുതിർന്ന പൗരൻമാരോ ആയ വനിതകളായ യാത്രികർക്കായി ബസ്സിന്റെ മുൻഭാഗത്തെ വലത് വശത്തെയും, പുരുഷന്മാരായ യാത്രികർക്കായി ബസ്സിന്റെ പിൻഭാഗത്തെ, വാതിലിൽ നിന്നും മുന്നിലേയ്ക്കുള്ള, രണ്ട് നിരകളിലുമായാണ് സീറ്റുകൾ ക്രമീകരിച്ചിരിക്കുന്നത്. സീറ്റുകൾ പുനഃക്രമീകരിക്കേണ്ട സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ